# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2268 05-02-2018-ലെ മറുപടിക്ക്

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

**ഉത്തരം**

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

## സാമ്പത്തിക പ്രതിസന്ധി

| | | |
|---|---|---|
| (എ) | സാമ്പത്തിക പ്രതിസന്ധി മൂലം ഏതെല്ലാം വികസന പദ്ധതികൾക്കുള്ള തുകയാണ് വെട്ടിക്കുറയ്ക്കാൻ ഉദ്ദേശിക്കുന്നത് ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്ന വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം. |
| (ബി) | നടപ്പു സാമ്പത്തിക വർഷവും തൊട്ടടുത്ത വർഷവും വികസനപദ്ധതികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്ത് ബദൽ നിർദ്ദേശമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ? | |

അക്കൗണ്ട്സ് ഓഫീസർ